വായനശാലയുടെ കേട്ടോയിലാണ് താമസിക്കുന്നത്. അതുകൊണ്ട് ഈ സ്വാതന്ത്ര്യ ടെൻമാർക്ക് പെൻഷൻ തുക വർദ്ധിപ്പിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: ഈ കാര്യം പ്രത്യേകമായും എന്റെ അറിവിൽപെട്ടിട്ടുണ്ട്. അടിയന്തിര നടപടി സ്വീകരിച്ചിട്ടുണ്ട്. അദ്ദേഹം എം. എൽ. എ. ആയിരുന്നു. പക്ഷേ 5 വർഷം തികയാത്തതു കൊണ്ട് എം എൽ. എ. മാർക്ക് അനുവദിച്ചിട്ടുള്ള പെൻഷൻ കിട്ടുകയില്ല. അതിനു പരിഹാരമാർഗ്ഗം ആലോചിച്ചുകൊണ്ടിരിക്കുകയാണ്. അതിനെക്കുറിച്ച് ബഹുമാനപ്പെട്ട മെമ്പർക്കും അറിവുള്ളതാണ്. വിശ്വനാഥൻപിള്ളയുടെ കേസ് 1947-ന് മുൻപുള്ളതാണ്. അദ്ദേഹത്തിന്റെ കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുവാൻ കളക്ടരോട് പറഞ്ഞിട്ടുണ്ട്. അദ്ദേഹത്തിന്റെ കേസ് ഗവൺമെൻറ് പ്രത്യേകം ശ്രദ്ധിക്കുന്നതാണ്.

(ii) രേഖാമൂലം നൽകുന്ന ഉത്തരങ്ങൾ

പി. എസ്. സി. മെമ്പറുടെ ഒഴിവ്

* 647 [704] ശ്രീ. വക്കം പുരുഷോത്തമൻ:

,, സേവ്യർ അറയ്ക്കൽ:

,, എ. എ. റഹീം:

,, തുണ്ടത്തിൽ കഞ്ഞുകൃഷ്ണപിള്ള:

,, പി. ജെ. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി. എസ്. സി: മെമ്പറുടെ ഏതെങ്കിലും ഒഴിവ് ഇപ്പോൾ നിലവിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിലേക്കുള്ള നിയമനം എന്നാണ് നടത്താൻ ഉദ്ദേശിക്കുന്നത്;

(സി) ഏറ്റവും ഒടുവിലായി നിയമിക്കപ്പെട്ട പി. എസ്. സി. മെമ്പർ ആരാണ് ?

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻ നായർ):

(എ) ഇല്ല.
(ബി) ഉദിക്കുന്നില്ല.
(സി) കമ്മഡോർ എം. സി. സിറിയക്.

വനിതാ ജീവനക്കാർക്ക് പ്രത്യേക സേവനാനുകൂല്യങ്ങൾ വേണമെന്ന സർവ്വീസ് സംഘടനയുടെ ആവശ്യം

*648 [705] ശ്രീ. സി. വാസുദേവ മേനോൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സർവ്വീസിലെ വനിതാജീവനക്കാർക്ക് പ്രത്യേക സേവനാനുകൂല്യങ്ങൾ വേണമെന്ന ആവശ്യം ഏതെങ്കിലും സർവ്വീസ് സംഘടന ഉന്നയിച്ചിരുന്നോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ഈ ആവശ്യത്തെപ്പറ്റി സംഘടനകളുമായി ചർച്ച നടത്തിയിട്ടുണ്ടോ;

(സി) അന്താരാഷ്ട്ര വനിതാവർഷം ആഘോഷിച്ചതിന്റെ അന്തസത്ത ഉൾക്കൊണ്ട് ഈ ആവശ്യങ്ങൾ പരിഗണിക്കുന്നതിന് സർക്കാർ തയ്യാറാകുമോ ?

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻ നായർ):

(എ) ഉണ്ടായിട്ടില്ല.

(ബി & സി) സെക്രട്ടേറിയറ്റിലെ വനിതാജീവനക്കാരുടെ പ്രത്യേക പ്രശ്നങ്ങളെക്കുറിച്ച് പഠനം നടത്തി യുക്തമായ നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ സെക്രട്ടേറിയറ്റ് വെൽഫെയർ ആഫീസറെ ഗവൺമെന്റ് നിയോഗിച്ചിട്ടുണ്ട്. അദ്ദേഹം റിപ്പോർട്ട് സമർപ്പിക്കുന്നതിനുമുമ്പ് സംഘടനാ പ്രതിനിധികളുമായും മറ്റുള്ളവരുമായും ആവശ്യമായ ചർച്ചകൾ നടത്തുന്നതാണ്. പ്രസ്തുത റിപ്പോർട്ട് ഗവൺമെന്റ് പരിശോധിച്ച് വേണ്ട മേൽനടപടിയെടുക്കുന്നതാണ്.

കയറ്റുമതി ഇറക്കുമതി ഇനങ്ങളിലുണ്ടായ വരുമാനം

*649 [706] ശ്രീ. പി. ആർ. ഫ്രാൻസിസ്: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

നമ്മുടെ സംസ്ഥാനത്തിലെ തുറമുഖങ്ങളിലെ കയറ്റുമതി ഇറക്കുമതി ഇനങ്ങളിൽനിന്ന് ഈ സാമ്പത്തിക വർഷത്തിൽ എന്ത് വരുമാനം ഉണ്ടായിട്ടുണ്ട്?

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻ നായർ):

സംസ്ഥാനത്തിലെ തുറമുഖങ്ങളിൽനിന്നും ഈ വർഷത്തെ കയറ്റുമതി ഇറക്കുമതികളെ സംബന്ധിച്ച വിവരങ്ങൾ ഇപ്പോൾ ലഭ്യമല്ല. പക്ഷേ 1977–78 സാമ്പത്തിക വർഷത്തിൽ കൊച്ചി തുറമുഖംവഴി 575 കോടി രൂപ വിലവരുന്ന സാധനങ്ങൾ കയറ്റി അയക്കുകയും 404 കോടി രൂപ വിലവരുന്ന സാധനങ്ങൾ ഇറക്കുമതി ചെയ്യുകയും ചെയ്തിട്ടുണ്ട്. കയറ്റുമതി തീരുവയും, ഇറക്കുമതി തീരുവയും കേന്ദ്രസർക്കാരാണ് ഈടാക്കുന്നത്. ഇതിന്റെ വിഹിതം സംസ്ഥാനത്തുനിന്ന് ലഭിക്കുന്നില്ല.

ഫുൾ പെൻഷൻ കിട്ടുന്നതിനുള്ള സർവ്വീസ്

* 650 [707] ശ്രീ. ഇ. കെ. പിള്ള:
,, വി. കെ. രാജൻ:
,, പി. ശങ്കർ:
,, എം. കെ. കേശവൻ:
,, സി. എ. കുര്യൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

ഉദ്യോഗനിയമനത്തിനുള്ള വയസ്സ് 36 ആയി ഉയർത്തുകയും പെൻഷൻ പ്രായം 55 ആക്കുകയും ചെയ്തതോടുകൂടി ഫുൾ പെൻഷൻ കിട്ടുന്നതിനുള്ള സർവ്വീസ് 30 വർഷം എന്നുള്ളത് 15 വർഷമായി കുറയ്ക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly